(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ സംസ്ഥാനത്തെ കേര കൃഷിക്കാർക്ക് 1986 ജൂലൈ 31 വരെ 66.79 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്. സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ തയ്യാറായിട്ടില്ല. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം III-ൽ ചേർത്തിട്ടുണ്ട്. †

പുല്ലൂർ സീഡ്ഫാം

1005. [1462] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിലെ പുല്ലൂർ സീഡ് ഫാമിനു് ആവശ്യമായ ഫണ്ട് ലഭിക്കാത്തതുകൊണ്ട് പ്രവർത്തിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആവശ്യത്തിനനുസരിച്ച് ഈ സീഡ്ഫാം കാര്യക്ഷമമായി പ്രവർത്തിക്കുവാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ഫണ്ട് ലഭിക്കാത്തതുകൊണ്ട് പുല്ലൂർ സീഡ്ഫാം പ്രവർത്തിക്കുന്നില്ലെന്ന് പറയുന്നത് ശരിയല്ല.

(ബി) നടപ്പു സാമ്പത്തികവർഷം സംസ്ഥാനത്തെ 34 സീഡ് ഫാമുകളുടെ പ്രവർത്തനത്തിനുവേണ്ടി ബഡ്ജറിൽ വകയിരുത്തിയിട്ടുള്ള 75.1 ലക്ഷം രൂപയിൽ 4.2 ലക്ഷം രൂപയും പുല്ലൂർ സീഡ്ഫാമിനാണ് അനുവദിച്ചത്. ഈ വിത്തുൽപ്പാദനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് ഈ തുക മതിയാകും.

ബി. എസ്. സി. (ഫോറസ്ട്രി കോഴ്സ്)

1006. [1463] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ ബി. എസ്. സി. (ഫോറസ്ട്രി) കോഴ്സ് ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ ;

(സി) ഈ കോഴ്സിനുള്ള പ്രവേശനത്തിന്റെ മാനദണ്ഡം എന്താണ് ;

(ഡി) ഇത് എത്ര വർഷത്തെ കോഴ്സാണ് ;

(ഇ) ഈ കോഴ്സ് പൂർത്തിയായി വരുന്നവർക്ക് കേരളത്തിലെ ഫോറസ്റ്റ് വകുപ്പിന്റെ കീഴിൽ റയിഞ്ചറായി ജോലി ലഭിക്കാൻ അർഹതയുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ യും ബി യും) ഇതുവരെ ആരംഭിച്ചിട്ടില്ല.

(സി) മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ് .

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly